LIBRARY ARCHIVES Kerala Legislative Assembly

## ഇ-ഫയൽ സമ്പ്രദായം

5(5) ശ്രീ. പി. തിലോത്തമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഇ-ഫയൽ സമ്പ്രദായം സെക്രട്ടേറിയറ്റിൽ ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുണ്ട് ; എല്ലാ വകുപ്പുകളിലും ഈ സമ്പ്രദായം നടപ്പിലാക്കുവാൻ എത്രനാൾ വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഭാഗികമായി മാത്രം ഇ-ഫയൽ സമ്പ്രദായം നടപ്പിലാക്കിയാൽ ഫിസിക്കൽ ഫയലും, ഇ-ഫയലും ഒരുപോലെ തയ്യാറാക്കേണ്ടിവരുമെന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; ഇത് ജീവനക്കാരിൽ അമിത ജോലിഭാരം സൃഷ്ടിക്കുമെന്നും ഫയലുകൾ തീർപ്പാക്കുന്നതിന് കൂടുതൽ കാലതാമസം നേരിടുമെന്നും മനസ്സിലാക്കിയിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഇ-ഫയൽ സമ്പ്രദായം നടപ്പിലാക്കിവരുന്ന സെക്രട്ടേറിയറ്റിൽ ഒരു ഫയൽ ഒരു സെക്ഷനിൽ നിന്നും ധനവകുപ്പിലെത്തുകയും അവിടെനിന്നും തിരികെ മാതൃ വകുപ്പിലെത്തുകയും ചെയ്ത് ഭരണാനുമതി ഉത്തരവിറക്കാൻ എത്രനാൾ വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിൽ 19 വകുപ്പുകളിൽ ഇ-ഓഫീസ് പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള വകുപ്പുകളിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്നു.

(ബി) ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കിയ വകുപ്പുകളിൽ ഭൂരിഭാഗം ഫയലുകളും ഇ-ഫയലായി തന്നെയാണ് കൈകാര്യം ചെയ്യുവരുന്നത്. എന്നാൽ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം നിലവിൽ വരാത്തതിനാൽ ടി വകുപ്പുകളുമായി കൂടിയാലോചിക്കേണ്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഫയലുകൾ ഫിസിക്കലായി ചെയ്യുവരുന്നുണ്ട്. എല്ലാ വകുപ്പുകളും പൂർണ്ണമായും ഇ-ഓഫീസിലേയ്ക്ക് മാറുന്നതോടെ ഇതിന് പരിഹാരമാകും.

(സി) ധനവകുപ്പിലും ഭരണ വകുപ്പിലും ഫയൽ പരിശോധനയ്ക്കായി ഏറ്റവും പരിമിതമായ സമയം മാത്രമേ ഇക്കാര്യത്തിൽ ആവശ്യമായി വരുന്നുള്ളൂ. സാധാരണഗതിയിൽ ഫിസിക്കലായി ഒരു ഫയൽ തീർപ്പാക്കുന്നതിനേക്കാൾ വേഗത്തിൽ ഇ-ഫയൽ തീർപ്പാകുന്നുണ്ട്.

## പ്രതിപക്ഷ നേതാവ് ക്ലെയിം ചെയ്തിട്ടുള്ള തുക

6(6) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകുമോ :

1-4-2015-ന് ശേഷം പ്രതിപക്ഷനേതാവ് ശമ്പളം, ടി.എ., ഡി.എ., മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങളിലായി ക്ലെയിം ചെയ്തിട്ടുള്ള തുകയുടെ വിശദവിവരം നൽകാമോ ?